സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി പരിശീലനം നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലേക്കായി 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ അഗതികളുടെ ക്ഷേമത്തിനായി സ്വധർഹോം എന്ന ഒരു പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്താണ്.

വനിതാ വികസന കോർപ്പറേഷൻ ഏറ്റെടുത്ത പുതിയ പ്രവർത്തനങ്ങൾ

57 [3462] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ഡോക്ടർ തോമസ് ഐസക്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഏറ്റെടുത്ത പുതിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച വിവര സാങ്കേതിക വിജ്ഞാന സൊസൈറ്റികളുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അഗതി മന്ദിരങ്ങളിലെ അന്തേവാസികളുടെ തൊഴിൽ പരിശീലനം, വിധവകൾ വിവാഹ മോചിതർ തുടങ്ങിയവർക്ക് വേണ്ടിയുള്ള സിംഗിൾ പാരന്റ് സ്കീം, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമൻ, കോഴിക്കോട്, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, തിരൂർ, വിമൻസ് ഗസ്റ്റ് ഹൗസ്, കോഴിക്കോട് എന്നീ പദ്ധതികളാണ് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വനിതാ വികസന കോർപ്പറേഷൻ ഏറ്റെടുത്ത പുതിയ പ്രവർത്തനങ്ങൾ.

(ബി) വനിതാ വികസന കോർപ്പറേഷൻ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ മേഖലാ ഓഫീസുകൾ മുഖേന മൂന്ന് വിവര സാങ്കേതിക സൊസൈറ്റികളായിരുന്നു ആരംഭിച്ചത്. ചില സാങ്കേതിക കാരണങ്ങളാൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്. സൊസൈറ്റികളുടെ പ്രവർത്തനം ആഗസ്റ്റ് മാസത്തിൽ പുനരാരംഭിക്കുന്നതാണ്.

വിധവകളുടെ ക്ഷേമത്തിനായി പ്രത്യേക സെൽ

58 [3463] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പിൽ പ്രത്യേക സെൽ ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും സാമ്പത്തികമായി സ്വയം പര്യാപ്തരാകുവാനും പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) തൽക്കാലം പരിഗണനയിൽ ഇല്ല.

(ബി) 18 വയസ്സിനും 45 വയസ്സിനും മധ്യേ പ്രായമുള്ള വിധവകൾക്കും വിവാഹ മോചനം നേടിയ സ്ത്രീകൾക്കും അവിവാഹിതരായ അമ്മമാർക്കും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 10,000 രൂപ വരെ വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്.

വികലാംഗക്ഷേമത്തിനായി പുതിയ ക്ഷേമപദ്ധതികൾ

59 [3464] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമത്തിനായി സർക്കാർ എന്തെങ്കിലും പുതിയ ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോടും തിരുവനന്തപുരത്തും പ്രവർത്തിക്കുന്ന വികലാംഗ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മഞ്ചേരി കസ്റ്റോഡിയൻ കെയർഹോം ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനത്തിൽ പ്രായപൂർത്തിയായ ബുദ്ധിമാന്ദ്യം സംഭവിച്ച 50 പുരുഷൻമാരെ താമസിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കുട്ടികളുടെ വൈകല്യം കാലേക്കൂട്ടി കണ്ടെത്തി ചികിത്സിക്കുന്നതിന് ആവശ്യമായ നടപടി ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. കൂടാതെ വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന വികലാംഗ ഉദ്യോഗാർത്ഥികൾക്കായി സ്പെഷ്യൽ കോച്ചിംഗ് ഏർപ്പെടുത്തുന്നതിനും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിന്റെ സഹകരണത്തോടെ വികലാംഗർക്ക് സ്റ്റൈപ്പന്റോടുകൂടി വൊക്കേഷണൽ ട്രെയിനിംഗും ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് സ്വയംതൊഴിലിനുള്ള വായ്പ ലഭ്യമാക്കുന്നതിനും, വികലാംഗർക്കായി എന്റർപ്രോണേറിയൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങുന്നതിനും, കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ മേഖലയിൽ വികലാംഗർക്കായി റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിനും, വികലാംഗർക്കുവേണ്ട വിവിധ

LIBRARY ARCHIVES Kerala Legislative Assembly